ഈ ന്യായം പാർലമെന്ററി ജനാധിപത്യത്തിനു നിരക്കുന്നതാണോ? ഭരണഘടനയുടെ സ്പിരിറ്റിനു നിരക്കുന്നതാണോ ? അപ്പോഴും ജനാധിപത്യത്തെക്കുറിച്ചുള്ള ഇവരുടെ പ്രസംഗം വെറുതേയാണ്. അതുപോലെ അദ്ദേഹം പറഞ്ഞു 249 ഓർഡിനൻസിൽ 32 അല്ലേയുള്ളുവെന്ന്. 9 പ്രാവശ്യം റീ ഇഷ്യൂ ചെയ്ത ഓർഡിനൻസ് ഉണ്ട്. ഈ സർക്കാരിന് ഇത് ഭൂഷണമല്ല. അങ്ങയുടെ പരിമിതികൊണ്ട് അറിയാമെങ്കിലും, മുഖ്യമന്ത്രി തീർച്ചയായും അനാരോഗ്യകരമായ കീഴ്വഴക്കമാണ് സൃഷ്ടിക്കുന്നത്. പാർലമെന്ററി ജനാധിപത്യം കൂടുതൽ ഫലപ്രദമാക്കുന്നതിനുവേണ്ടി വാസ്തവത്തിൽ അദ്ദേഹം ചർച്ചചെയ്യാൻ സമ്മതിക്കേണ്ടതായിരുന്നു. അദ്ദേഹത്തിന്റെ മർക്കടമുഷ്ടികൊണ്ട് ഘടകകക്ഷികളോട് വിലപേശാൻവേണ്ടി നിയമ സഭയെ ഉപകരണമാക്കിയ ഈ സ്ഥിതിയിൽ പ്രതിക്ഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ശ്രീ. ബേബിജോണും അദ്ദേഹത്തിന്റെ പാർട്ടിയിലെ മറ്റംഗങ്ങളും സഭവിട്ട് ഇറങ്ങിപ്പോയി).

ശ്രീ. കെ. ചന്ദ്രശേഖരൻ: സർ, ഈ അടിയന്തിര പ്രമേയം അനുവദിക്കേണ്ടതായിരുന്നു. അങ്ങയുടെ ഉള്ളിലുള്ളത് അനുവദിക്കണമെന്നാണെന്നാണ് എനിക്ക് തോന്നിപ്പോകുന്നത്. അത് തെറ്റായിരിക്കാം. പക്ഷേ അങ്ങയുടെ സ്ഥാനത്തിരുന്ന് അനുവദിക്കാൻ പ്രയാസമുണ്ട് എന്നുള്ളതിന് എനിക്ക് യാതൊരു സംശയവുമില്ല. ഡോ. അംബേദ്ക്കറും അദ്ദേഹത്തിന്റെ സുഹൃത്തുക്കളുമെല്ലാംകൂടി ഉണ്ടാക്കിയിട്ടുള്ള ഭരണഘടന ഇതേപോലുള്ള ഒരു മന്ത്രിസഭ നമ്മുടെ രാജ്യത്ത് ഉണ്ടാകുമെന്നുള്ളതു വിഭാവനം ചെയ്തില്ലായെന്നുള്ളതാണ് അവരുടെ തെറ്റ്. അവർ ഇതുകൂടി കണ്ടിട്ടായിരുന്നു ഭരണഘടന ഉണ്ടാക്കിയിരുന്നതെങ്കിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞിട്ടുള്ളതായ കാര്യങ്ങളൊന്നുംതന്നെ പറയേണ്ടിവരുമായിരുന്നില്ല. പാർലമെന്ററി ജനാധിപത്യത്തെ ഉന്തിത്തള്ളി അവസാനിപ്പിക്കാനുള്ള പരിപാടിയാണ് ഈ തരത്തിലുള്ള നിയമസഭ എന്നാണ് എനിക്കിതിൽനിന്നും മനസ്സിലാക്കാൻ സാധിക്കുന്നത്. ഇതിനോട് യോജിക്കുവാൻ സാധിക്കുകയില്ല. ഇത്തരത്തിലുള്ള ഒരു പ്രശ്നം സ്വാതന്ത്ര്യലബ്ധിക്കുശേഷം ഇൻഡ്യയിൽ കേന്ദ്രത്തിലോ ഏതെങ്കിലും സംസ്ഥാനത്തിലോ, അടിയന്തിരാവസ്ഥക്കാലത്തുപോലുമോ ഉണ്ടായിട്ടില്ലായെന്നുള്ളത് ഞാൻ വ്യക്തമാക്കുകയാണ്. അതുകൊണ്ട് ഈ കാര്യം ചർച്ചചെയ്യേണ്ടതാണ്. ചർച്ച ചെയ്യാനായിട്ട് അനുവദിക്കാത്ത ഈ സർക്കാരിന്റെ നടപടിയിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ശ്രീ. കെ. ചന്ദ്രശേഖരനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട മറ്റംഗങ്ങളും സഭയിൽനിന്ന് ഇറങ്ങിപ്പോയി).

ശ്രീ. ലോനപ്പൻ നമ്പാടൻ: സർ, ഗവൺമെന്റിന്റെ ഈ നടപടിയിൽ പ്രതിഷേധിച്ച് ഞാൻ ഈ സഭയിൽനിന്ന് വാക്കൗട്ട് നടത്തുന്നു.

(ശ്രീ. ലോനപ്പൻ നമ്പാടൻ സഭവിട്ട് ഇറങ്ങിപ്പോയി).

V ശ്രദ്ധക്ഷണിക്കൽ

(1) നാളികേരത്തിന്റെ വിലയിടിവ്

ശ്രീ. തച്ചടി പ്രഭാകരൻ: സർ, കേരളത്തിലെ 20 ലക്ഷത്തോളം വരുന്ന ചെറുതും വലുതുമായ കൃഷിക്കാരുടെ പ്രശ്നങ്ങളെ സംബന്ധിച്ചും, കേരളത്തിൽ നാളികേരത്തിന്റെ വിലയിടിവുമൂലം ഉണ്ടായിട്ടുള്ള സാമ്പത്തിക

LIBRARY ARCHIVES Kerala Legislative Assembly

പ്രതിസന്ധിയിൽ കുറച്ചുകൂടി പ്രവർത്തനങ്ങൾ നടത്തേണ്ടതു് ആവശ്യമാണെന്നുള്ളതു് ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെടുത്താനുമാണു് ഞാൻ ഈ അവസരം ഉപയോഗിക്കുന്നതു്. 1984-85 ൽ നാളികേരത്തിനു് അപ്രതീക്ഷിതമായ വിലക്കയറ്റം ഉണ്ടായി. ഒരു നാളികേരത്തിനു മൂന്നര രൂപ മുതൽ നാലു രൂപ വരെയും ഒരു ക്വിൻറൽ വെളിച്ചെണ്ണയ്ക്കു് 3600 രൂപ വരെയും വില വർദ്ധിച്ചു. അതു് കേരളത്തിലെ കേര കർഷകരെ സംബന്ധിച്ചു് ആശ്വാസകരമായ ഒരു സംഭവമായിരുന്നു. അതു കഴിഞ്ഞു് പെട്ടെന്നു് അതിൻെറ വില ഏകദേശം 850 രൂപ ഒരു ക്വിൻറൽ കൊപ്രയ്ക്കും 1250 രൂപ ഒരു ക്വിൻറൽ വെളിച്ചെണ്ണയ്ക്കും കുത്തനെ വിലയിടിയുകയുണ്ടായി. ഗുരുതരമായ ഈ സാഹചര്യങ്ങൾ അപ്രതീക്ഷിതമായി കേരളത്തിലെ കേര കർഷകർക്കു് അനുഭവിക്കേണ്ടി വന്നു. അതുകൊണ്ടു് അതിനു് ഫലപ്രദമായ നടപടി സംസ്ഥാന ഗവൺമെൻറു് എടുത്തിട്ടില്ലെന്നു് എനിക്കു് അഭിപ്രായമില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ ഈ കാര്യത്തിൽ മുൻകൈ എടുത്തു. ഇതുപോലെ ഗുരുതരമായ സാഹചര്യത്തിൽ ഗവൺമെൻറു് മുന്നോട്ടുവന്നു് കേരള സംസ്ഥാന മാർക്കറ്റിംഗു് ഫെഡറേഷനെക്കൊണ്ടു് കൊപ്ര എടുപ്പിക്കാനുള്ള നടപടി സ്വീകരിക്കുകയുണ്ടായി. ഒരു പക്ഷേ ആ നടപടി സംസ്ഥാന ഗവൺമെൻറിൻെറ മാത്രം നടപടി ആയിരുന്നതുകൊണ്ടു് ഒരു മാസം കഴിഞ്ഞതിനുശേഷം അതു് തുടർന്നുകൊണ്ടുപോകാൻ വയ്യാത്ത പ്രത്യേകമായ സാഹചര്യം കൊപ്രാ സംഭരണത്തിൽ ഉണ്ടായി. അഞ്ചുകോടി രൂപ സംസ്ഥാന സഹകരണ ബാങ്കും അഞ്ചുകോടി രൂപ സ്റ്റേറ്റു് ബാങ്കു് ഓഫു് ഇൻഡ്യയും ഒരു കോടി രൂപ കേരള ഗവൺമെൻറും മാർക്കറ്റിംഗു് ഫെഡറേഷൻെറ ആറുകോടി രൂപയും ഉപയോഗിച്ചാണു് കൊപ്രാ വാങ്ങിയതു്. അങ്ങനെ പതിനാലായിരത്തോളം ടൺ കൊപ്ര 17 കോടി രൂപ ചെലവഴിച്ചു് വാങ്ങിയെങ്കിലും റിസർവ്വ് ബാങ്കിൻെറ അനുമതി ഇല്ലാത്തതുകൊണ്ടു് അതു് നിർത്തിവയ്ക്കേണ്ട സാഹചര്യം ഉണ്ടായതാണു് വളരെയേറെ ആഘാതം ഉണ്ടാക്കിയതു് എന്നുള്ളതാണു് യാഥാർത്ഥ്യം. അതിനുശേഷം സംസ്ഥാന ഗവൺമെൻറു് കേന്ദ്ര ഗവൺമെൻറിനെ സമീപിച്ചു് നാഫെഡിനെക്കൊണ്ടു് ഇതു് വാങ്ങിപ്പിക്കുന്നതിനുവേണ്ടി റിസർവ്വ് ബാങ്കും കേന്ദ്ര ഗവൺമെൻറും കേന്ദ്ര കൃഷി വകുപ്പും കേന്ദ്ര ധനകാര്യവകുപ്പും ഈ കാര്യത്തിൽ സ്വീകരിച്ച നിലപാടു് നമുക്കു് ശ്ലാഘിക്കാതിരിക്കാൻ നിർവ്വാഹമില്ല. ഇൻഡ്യയുടെ ചരിത്രത്തിൽ ആദ്യമായിട്ടാണു് ഒരു ദീർഘകാല വിളവിനുവേണ്ടി മിനിമം വില പ്രഖ്യാപിക്കുന്നതു്. കേന്ദ്ര കൃഷിവകുപ്പു് ആദ്യമായിട്ടെടുത്ത ധീരമായ നടപടിയാണിതു്. നാഫെഡു് എന്നുപറയുന്ന കേന്ദ്ര അഗ്രിക്കൾച്ചറൽ കോ-ഓപ്പറേറ്റീവു് ഫെഡറേഷൻ കേരളത്തിൽ കൊപ്രാ സംഭരിക്കാൻ നിർവ്വാഹമില്ലാത്തതുകൊണ്ടു് മാർക്കറ്റിംഗു് ഫെഡറേഷനെ കൊപ്രയുടെ സംഭരണം ഏൽപ്പിക്കുകയുണ്ടായി. അതിൻെറ ചുമതല ഏൽപ്പിച്ചെങ്കിലും 40 താലൂക്കു് മാർക്കറ്റിംഗു് സൊസൈറ്റിയും 35 പ്രൈമറി സൊസൈറ്റിയും മാത്രമാണു് മാർക്കറ്റിംഗു് ഫെഡറേഷൻെറ സംഭരണ രംഗത്തു വന്നതു്. 350 കോടി നാളികേരം ഉൽപ്പാദിപ്പിക്കുന്ന കേരളത്തിൽ ഏകദേശം പ്രതിവർഷം മൂന്നുമൂന്നര ലക്ഷത്തോളം ടൺ കൊപ്രാ മാർക്കറ്റിൽ വരുന്നു. നാളികേര ഉൽപ്പന്നം കേരളമാകെ വ്യാപിച്ചുകിടക്കുന്നതാണു്. എല്ലാ പഞ്ചായത്തു പ്രദേശങ്ങളിലും പട്ടണ പ്രദേശങ്ങളിലും വ്യാപിച്ചു കിടക്കുന്നു. കേരളത്തിൻെറ തനതായ കേര കൃഷിയെ സംബന്ധിച്ചു് പരിമിതമായ ഈ സാഹചര്യത്തിൽ അതു് സംരക്ഷിക്കുക എന്നുള്ളതിനു് മാറ്റം ഉണ്ടാകേണ്ട ആവശ്യമുണ്ടു്. അതിനുവേണ്ടിയാണു് ഇപ്പോൾ ചില നടപടികൾകൂടി സ്വീകരിച്ചിരിക്കുന്നതു്. പ്രാഥമിക സഹകരണ സംഘങ്ങൾ 75 ഔട്ടു് ലെറിനു് പുറമേ ഏകദേശം 325 ഔട്ടു് ലെറുകൾകൂടി കൊപ്രാ വാങ്ങിക്കാനുള്ള നടപടി സ്വീകരിച്ചു. മാർച്ചു് മാസം 10-ാം തീയതി മുതലാണു് അതിൻെറ സംഭരണം ആരംഭിക്കാൻ തീരുമാനിച്ചതു്. അങ്ങനെ തീരുമാനിച്ചെങ്കിലും ഇന്നും

LIBRARY ARCHIVES Kerala Legislative Assembly

175 കേന്ദ്രങ്ങൾ മാത്രമേ അതിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞിട്ടുള്ളൂ. അതിനുള്ള പ്രധാന കാരണം നാഫെഡ് എടുക്കുന്ന കൊപ്ര സംസ്ഥാന വെയർ ഹൗസിംഗ് കോർപ്പറേഷന്റെ ഗോഡൗണുകളിൽ എത്തിച്ചെങ്കിൽ മാത്രമേ നാഫെഡ് കാശു തരുകയുള്ളൂ. അതുകൊണ്ട് സംസ്ഥാന ഗവൺമെന്റ് യുദ്ധകാല പരിതസ്ഥിതിയിൽ എന്നപോലെ നമ്മുടെ സംസ്ഥാന വെയർ ഹൗസിംഗ് കോർപ്പറേഷനെക്കൊണ്ട് എല്ലാ പഞ്ചായത്തു പ്രദേശങ്ങളിലും, ഇന്നുള്ള അവരുടെ സംവിധാനം പരിമിതമായതുകൊണ്ട് കൂടുതൽ സംവിധാനങ്ങൾ ഈ കാര്യത്തെ സംബന്ധിച്ചിടത്തോളം ഉണ്ടാക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിച്ചെങ്കിൽ മാത്രമേ നമ്മുടെ രാജ്യത്തെ കേര കർഷകരെ കുറച്ചു കൂടി വേഗതയിൽ സഹായിക്കാൻ കഴിയുകയുള്ളൂ. അതിൽ കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ച നടപടി ഏറ്റവും ആശ്വാസകരമാണ്. എന്നാൽ എനിക്ക് അടിയന്തിരമായി ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരാനുള്ളത് ഇതാണ്. 350 കോടി നാളികേരത്തിൽ 60 ശതമാനം ഉൽപ്പാദിപ്പിക്കുന്നത് ജനുവരി മാസം മുതൽ മേയ് മാസം വരെയുള്ള കാലയളവിലാണ്. ഈ കാലയളവിൽ വളരെ ഗൗരവത്തോടുകൂടി സംസ്ഥാന ഗവൺമെന്റും പ്രൊക്യൂർമെന്റ് ഏജൻസിയും ശക്തമായി നിലനിന്നില്ലെങ്കിൽ കർഷകർക്ക് ആശ്വാസം നൽകാൻ സാദ്ധ്യമല്ല. കേരളത്തെ സംബന്ധിച്ചിടത്തോളം മറേതു നാണ്യ വിളയേക്കാളും വളരെ ബുദ്ധിമുട്ടുള്ള കാര്യമാണ് നാളികേരം സംഭരിക്കുക എന്നു പറയുന്നത്. നാളികേരം കെട്ടി ഗോഡൗണുകളിൽ സൂക്ഷിക്കാൻ സാദ്ധ്യമല്ല. കശുവണ്ടിയോ, തേയിലയോ, ഏലമോ സംഭരിക്കുന്നതു പോലെ ഇത് സംഭരിക്കാൻ സാദ്ധ്യമല്ല. ഇതിനുവേണ്ടി വലിയ ഗോഡൗണുകൾ ഉണ്ടാക്കേണ്ടത് അത്യാവശ്യമാണ്. ഇതിനുവേണ്ടി ഒന്നുരണ്ടു കാര്യങ്ങൾ ചെയ്യണമെന്നുള്ളത് വളരെ ഗൗരവമായി അറിയിക്കാൻ ഞാനാഗ്രഹിക്കുകയാണ്. സർ കേരളത്തിന്റെ സ്ഥിതി എന്താണ് ? രണ്ടു നാളികേരം വൈകിട്ട് മാർക്കറ്റിൽ കൊണ്ടുപോയി അത് വിറ്റു കിട്ടുന്ന പൈസകൊണ്ട് കപ്പയും മീനും വാങ്ങിക്കഴിക്കുന്ന ലക്ഷക്കണക്കിനാളുകൾ കേരളത്തിലുണ്ട്. ഈ അവസ്ഥയിൽ ഈ രാജ്യത്തെ കേര കർഷകരെ സഹായിക്കാൻ സഹകരണ പ്രസ്ഥാനങ്ങളെ മുന്നോട്ട് കൊണ്ടുവരേണ്ടത് അത്യാവശ്യമാണ്. അതിൽ എന്താണ് ബുദ്ധിമുട്ടുള്ളത്. നാളികേരം സംഭരിക്കുന്നതിനാശ്യമായ സംവിധാനങ്ങൾ ഒന്നും ഇന്നില്ല. അതുകൊണ്ട് എതാണ്ട് ആയിരത്തഞ്ഞൂറോളം വരുന്ന സർവ്വീസ് സഹകരണ സംഘങ്ങളെ അടിയന്തിരമായി വിളിച്ച് ഇത് പ്രോസസ് ചെയ്യാനുള്ള നടപടികൾ സ്വീകരിക്കണം എന്നുള്ളതാണ് എനിക്ക് പറയാനുള്ളത്. ഇത് കേരളത്തിന്റെ രാഷ്ട്രീയ പ്രശ്നമല്ല. സാമ്പത്തിക പ്രശ്നമാണ്. ജനങ്ങളെ ബാധിക്കുന്ന പ്രശ്നമാണ്. മാർച്ച് മാസം 9-ാം തീയതി മാർക്സിസ്റ്റ് പാർട്ടിയുടെ കർഷക സംഘം തൃശ്ശൂരിൽ യോഗം ചേർന്നു. അപ്പോൾ അവർ പറഞ്ഞു നാഫെഡും മാർക്കറ്റിംഗ് ഫെഡറേഷനും ഒന്നും കൊപ്രാ വാങ്ങിക്കുന്നത് ഫലപ്രദമാവുകയില്ല എന്ന്. ചില പത്രങ്ങളിൽ അതിന്റെ റിപ്പോർട്ട് വരുകയുണ്ടായി. ബോംബെയിലെ കുത്തക മുതലാളിമാരെ സഹായിക്കാനാണ് പ്രതിപക്ഷം ഇതുപോലെയുള്ള പ്രമേയങ്ങൾ പാസാക്കുന്നത്. ഭരണകക്ഷി പ്രതിപക്ഷ വ്യത്യാസമില്ലാതെ കേരളത്തിന്റെ മൗലികമായ സാമ്പത്തിക പ്രശ്നത്തിൽ എല്ലാവരും ശ്രദ്ധിക്കുകയും ഗവൺമെന്റിന്റെ നടപടികൾക്ക് പ്രോൽസാഹനം നൽകുകയും ചെയ്യുന്ന ഒരു വിശാല വീക്ഷണം പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്നഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ കാര്യങ്ങൾ മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, കേരളത്തിലെ നാളികേര കർഷകരെ സംബന്ധിച്ചിടത്തോളം വരൾച്ചയ്ക്കുശേഷം ഉണ്ടായ വില വർദ്ധനവ് ഒരു ആശ്വാസമെന്നുള്ള നിലയിൽ മുന്നോട്ടു പോയിക്കൊണ്ടിരുന്ന

LIBRARY ARCHIVES Kerala Legislative Assembly

അവസരത്തിലാണ് വില കീഴ്പോട്ടുപോകാൻ തുടങ്ങിയത്. വില കുറഞ്ഞു വന്നത്, വർദ്ധനവിന്റെ വേഗതയേക്കാൾ കുറവിന്റെ വേഗത വർദ്ധിക്കുകയാണ് ചെയ്തത്. അങ്ങനെ, ഒരു കാലഘട്ടത്തിൽ മൂവായിരത്തിൽപരം രൂപ വിലയുണ്ടായിരുന്നത് 1050 രൂപയായി കുറഞ്ഞ ഘട്ടത്തിലാണ് സംസ്ഥാന ഗവൺമെന്റ് കേരളത്തിലെ നാളികേര കർഷകരെ സഹായിക്കാൻ ഒരു താൽക്കാലിക പദ്ധതിയുമായി മുന്നോട്ടു വന്നത്. ശാശ്വതമായ ഒരു പദ്ധതിയെന്നുള്ള നിലയിൽ നാളികേര കൃഷി താങ്ങുവിലയുടെ പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് ശാശ്വതമായ ഒരു സഹായം എത്തിയ്ക്കണമെന്നതിന് വിശദമായ ഒരു പദ്ധതി കേന്ദ്രഗവൺമെന്റിന് സമർപ്പിച്ചു. അന്ന് നിലവിലുള്ളതായ ചെലവുകൂടി കണക്കിലെടുത്തിട്ടാണ് 1100-ൽ പരം രൂപയെങ്കിലും ചുരുങ്ങിയ വില നിശ്ചയിക്കണമെന്നു പറഞ്ഞ് നിർദ്ദേശം കൊടുത്തത്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചതുപോലെ പെരണ്ണിയൽ കോപ്പിനു ആദ്യമായിട്ടാണ് കേന്ദ്രഗവൺമെന്റ് കൃഷിവകുപ്പിൽ നിന്നും നേരിട്ട് വാങ്ങിയ്ക്കാം എന്നുള്ള ഒരു സംവിധാനം ഏർപ്പെടുത്തിയത്. നാഫെഡ് ഈ രംഗത്ത് വരുന്നത് ആദ്യമായിട്ടാണ്. അവർ വന്ന ഉടനെതന്നെ കേരളത്തിൽ അവർക്കുള്ളതായ സംവിധാനത്തിന്റെ പോരായ്മ പരിഹരിക്കാൻ വേണ്ടി മാർക്കറ്റിംഗ് ഫെഡറേഷനെ ചുമതലപ്പെടുത്തി പർചേസ് തുടങ്ങി. അതിനിടയിൽ താൽക്കാലിക നടപടിയെന്നുള്ള നിലയിൽ 1200 രൂപയ്ക്ക് സംസ്ഥാനഗവൺമെന്റ് കൊപ്ര വാങ്ങാൻ രംഗത്തുവന്നതുകൊണ്ട് പെട്ടെന്നു വില വർദ്ധിച്ചു. ആ വിലവർദ്ധനവ് നാമമാത്രമായേ നിലനിന്നുള്ളു. അതിനിടയിൽ സംസ്ഥാനഗവൺമെന്റിന് വാങ്ങിക്കാൻ സാധ്യമാവുകയില്ലെന്നും സംഭരിയ്ക്കാനുള്ള ഏജൻസിയില്ലെന്നും, സംഭരിച്ചാൽതന്നെയും ശരിയായി വ്യാപരിക്കാൻ കഴിയുകയില്ലെന്നുമുള്ള തുടർച്ചയായ പ്രചരണം, പ്രതിപക്ഷം അത് മനപൂർവ്വം ചെയ്തതാണെന്ന് ഒരിക്കലും ഞാൻ പറയുകയില്ല. ഉദ്ദേശശുദ്ധിയോടുകൂടി ചെയ്തതാണെങ്കിലും ശരി ബോംബെയിലെ വ്യവസായികളും ഇത് മനസ്സിൽ വച്ചുകൊണ്ട് കമ്പോളത്തിൽ നിന്നുവാങ്ങാൻ ഉള്ളതായ നടപടിയിൽ നിന്ന് പെട്ടെന്നു പിൻമാറി. അതോടുകൂടി കൊപ്രയുടെ വില ഇടിഞ്ഞുതുടങ്ങി. ഏതായാലും ആ കുറവ് നികത്തുന്നതിനുവേണ്ടി കുറെകൂടി വ്യാപകമായ നിലയിലുള്ള സംഭരണങ്ങളും തുടങ്ങി എങ്കിലും കർഷകന് ശാശ്വതമായ ആശ്വാസത്തിന്റെ ലക്ഷണം കാണാൻ കഴിഞ്ഞില്ല. എങ്കിൽപോലും ഒരു കാര്യത്തിൽ നമുക്ക് പ്രതീക്ഷ നൽകുന്നത് ഏറ്റവും വില കുറഞ്ഞവരും, അതായത് ഉൽപ്പാദനം വർദ്ധിക്കുന്നതിന്റെ ഫലമായിതന്നെ വിലകുറഞ്ഞുവരുന്ന ഘട്ടത്തിലാണ് വില വർദ്ധനവിന്റെ സൂചന കാണുന്നത്. ഉദാഹരണത്തിന് 1984 ലെ വിലയേക്കാൾ ഏതാണ്ട് 435 രൂപ ഫെബ്രുവരിയിൽ കുറഞ്ഞു. മാർച്ച് വന്നപ്പോൾ 155 രൂപ പിന്നെയും കുറഞ്ഞു. ഈ സീസണിൽ എല്ലാ കാലങ്ങളിലും വിലകുറഞ്ഞുവരും. പക്ഷെ ഇക്കൊല്ലം നമുക്കുള്ള ഒരാശ്വാസം ജനുവരിയേക്കാൾ നാമമാത്രമായിട്ടാണെങ്കിൽ. എങ്കിലും റഫ്രബുവരിയിൽ വില കൂടി. മാർച്ചിൽ 154 രൂപ കൂടി. ഈ 500-ഉം 400-ഉം രൂപ കുറഞ്ഞുവന്നിരുന്ന സ്ഥാനത്ത് 100-150 രൂപ വർദ്ധിച്ചു എന്നുള്ളതുതന്നെ ഒരു ആശ്വാസമായ കാര്യമാണ്. ഗവൺമെന്റ് ഈ രംഗത്തു വന്നതുകൊണ്ട് നാളികേര കർഷകരെ സംബന്ധിച്ചിടത്തോളം ആശ്വാസകരമായ ഒരു കാര്യം വില ഇടിഞ്ഞുപോകാതെ പിടിച്ച് നിർത്താൻ സാധിച്ചു എന്നുള്ളതാണ്. കേന്ദ്രഗവൺമെന്റ് ഒരു കാരണവശാലും ഇനി എണ്ണ ഇറക്കുമതി ചെയ്യരുതെന്നുള്ള സംസ്ഥാന ഗവൺമെന്റിന്റെ അഭ്യർത്ഥന അംഗീകരിച്ച് ഔപചാരികമായിത്തന്നെ മറുപടി തന്നു. ഇതിനു പുറമെ ഗവൺമെന്റ് ഓഫ് ഇൽഡ്യയുടെ ഒരു നയമായിട്ടുതന്നെ പറഞ്ഞിട്ടുണ്ട്, ഭക്ഷ്യഎണ്ണ ഇറക്കുമതി ചെയ്യുന്നതിനുള്ള ഏർപ്പാടുകൾ ഇനി ഉണ്ടാവുകയില്ല എന്ന്. എണ്ണയുടെ ഇറക്കുമതി കുറച്ചുകൊണ്ടുവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഇൻഡ്യയുടെതന്നെ പൊതുവായ സാമ്പത്തിക നിലയ്ക്ക് സഹായകമാകുന്നതിനും കൃഷിക്കാരെ സഹായിക്കുന്നതിനും ആവശ്യപ്പെടുമെന്നുള്ള നിലയിൽ ഒരു പോളിസിയും പ്രഖ്യാപിച്ചു. ഈ അഗ്രികൾച്ചറൽ പ്രൈസ് കമ്മീഷൻ ഇതിന്റെ വില നിശ്ചയിച്ചു. അവർ നിശ്ചയിക്കുന്ന വില അനുസരിച്ച് കമ്പോളത്തിൽ വന്നുകഴിയുമ്പോൾ അതോടൊപ്പംതന്നെ ഈ ചെറിയ നാളികേര കൃഷിക്കാരെ ഡംബ്നഡിച്ചിടത്തോളം അത് കൊപ്രാ ആക്കി മാറ്റി അവന്റെ ബുദ്ധിമുട്ടുകൾക്ക് പരിഹാരം കണ്ടെത്താൻ സംസ്ഥാന ഗവൺമെൻറിന്റെ പദ്ധതിയുംകൂടെയാകുമ്പോൾ ഒരുവിധം പിടിച്ചുനിൽക്കാൻ കഴിയുമെന്നുള്ളതാണ് പ്രതീക്ഷ. ഇതിന് അടിയന്തിരമായി ചെയ്യേണ്ട നടപടി ഒന്ന്, ദീർഘകാലത്തേയ്ക്ക് വേണ്ടി ചെയ്യേണ്ട നടപടി ഒന്ന്, ഇത് രണ്ടുംകൂടി ആകുമ്പോൾ കേരളത്തിലെ നാളികേര കർഷകനെ രക്ഷിക്കാൻ എല്ലാ നടപടികളും ഗവൺമെൻറ് സ്വീകരിക്കും. ഈ കാര്യത്തിൽ സഹകരണമേഖല സഹായകരമായ നിലപാട് എടുത്തിട്ടുണ്ട്, സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കും അതിന്റെ കീഴ് ഘടകങ്ങളും ആവശ്യമായ എല്ലാ സഹായങ്ങളും വാഗ്ദാനം ചെയ്തിട്ടുണ്ട്. മറ്റൊരു കാര്യമുള്ളത് ഈ ഗവൺമെൻറ് ആവശ്യപ്പെട്ടത് കൊപ്രാ കയറ്റി അയയ്ക്കണമെന്നുള്ളതായിരുന്നു. അതൊരു പരിഹാസ്യമായിട്ടാണ് തോന്നിയത്. കയറ്റി അയയ്ക്കാൻ പറയും അത് എവിടേക്ക് ആണ് കയറ്റി അയയ്ക്കേണ്ടത്. എല്ലാ സ്ഥലത്തേയ്ക്കുമാണോ ? നാമമാത്രമായിട്ടാണെങ്കിലും 500 ടൺ കൊപ്രാ കയറ്റി അയയ്ക്കാൻ ഇൻഡ്യാ ഗവൺമെൻറ് അറിയിക്കുകയും ചെയ്തു. അതുകൊണ്ട് ഭാവിയിൽ നമുക്ക് കൂട്ടായി ശ്രമിച്ചാൽ ഉത്പ്പണ്യത്തിന് ഒരു പരിഹാരം കാണാൻ സാധിക്കും. കേരളത്തിലെ കേര കർഷകരെ രക്ഷിക്കേണ്ടത് സംസ്ഥാനത്തിന്റെ താൽപ്പര്യമാണ്, എല്ലാ ജനവിഭാഗങ്ങളുടെയും കടമയാണ്. നമ്മുടെ ജീവിതത്തിന്റെ ഒരു അവിഭാജ്യ ഘടകമല്ല എന്നുള്ള നിലയിൽ തീർച്ചയായും സംസ്ഥാന ഗവൺമെൻറ് ഇനിയും ജാഗ്രതയോടെ ഈ കാര്യത്തിൽ പ്രവർത്തിക്കുമെന്നുള്ള കാര്യം ഞാൻ ഈ സഭയെ അറിയിക്കുകയാണ്.

ശ്രീ. തച്ചടി പ്രഭാകരൻ : തേങ്ങയുടെ വിലയിടിവുകൊണ്ടുള്ള ഫ്ളക്ചേഷൻ ഉണ്ടായതുകൊണ്ട് തേങ്ങ വാങ്ങി പ്രോസസ്സ് ചെയ്യുന്ന കച്ചവടക്കാർ രംഗത്തുനിന്ന് പോയിട്ടുണ്ടെന്നുള്ള വിവരം സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ? അങ്ങനെയുണ്ടെങ്കിൽ തേങ്ങ സംഭരിച്ച് പ്രോസസ് ചെയ്യാനുള്ള നടപടികളും ഈ സീസൺ പോകുന്നതിനു മുമ്പ് അടിയന്തിരമായി ഗവൺമെൻറ് സ്വീകരിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, കാസർകോട് റിസർച്ച് സെൻറിലെ ഒരു ചെറിയ എക്യുപ്മെൻറ് ഉണ്ടാക്കിയിട്ടുണ്ട്. സാധാരണ കർഷകന് തന്നെ നാളികേരം കൊപ്രയാക്കി മാറ്റാനുള്ള രണ്ടു ചെറിയ സംവിധാനം ഉണ്ടാക്കിയിട്ടുണ്ട്. അത് വിപുലമായ രീതിയിൽ കർഷകരുടെ ഇടയിൽ പ്രചരിപ്പിക്കാൻ ഗവൺമെൻറ് ശ്രമിക്കുന്നതാണ്. അതിനിടയിൽ സഹകരണസംഘങ്ങൾ മുഖേന കശുവണ്ടിയും മാറും വാങ്ങുന്നതുപോലെ സഹകരണസംഘങ്ങളിൽകൂടി കൊപ്ര വാങ്ങാൻ സാധ്യമാകുമോ എന്ന കാര്യം പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. അത് സാദ്ധ്യമാവുകയാണെങ്കിൽ കുറെകൂടി ആശ്വാസമുണ്ടാകും.

(2) തലശ്ശേരി റെയിൽവേ ദുരന്തം

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഫെബ്രുവരി 28-ാം തീയതി പുലർച്ചെ 5.30-ന് തലശ്ശേരിയിൽ ശ്രീ. ജഗന്നാഥാ ക്ഷേത്ര ഉൽസവത്തോടനു

LIBRARY ARCHIVES Kerala Legislative Assembly